DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

09-11-2018

കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

റാന്നി പഴവങ്ങാടി കൃഷിഭവനിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോബാഗുകൾ വിതരണം ചെയ്യുന്നു. 25 ബാഗുകൾ അടങ്ങിയ ഒരു യൂണിറ്റിന് 500 രൂപ കൃഷി ഭവനിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## അറിയിപ്പ്

ആലപ്പുഴ ജില്ല വള്ളിക്കുന്നം കൃഷി ഭവനിൽ തെങ്ങിന്റ കീടരോഗബാധകൾ നിയന്ത്രണ വിധേയമാക്കുന്നതിനായി ഒരു പദ്ധതി നടപ്പാക്കുന്നു. ഇതിനു മുന്നോടിയായ ചെല്ലിബാധ/ കുമ്പു ചീയൽ രോഗം മൂലം നിലവിൽ നശിച്ചു നിൽക്കുന്ന തെങ്ങുകൾ വെട്ടി നശിപ്പിയ്ക്കേണ്ടതുണ്ട്. ഇത്തരം തെങ്ങുകളുള്ള കർഷകർ കൃഷി ഭവനിൽ നേരിട്ടോ പഞ്ചായത്ത് മെമ്പർ മുഖേനയോ നവംബർ 12 ന് അകം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ഇത്തരം തെങ്ങുകൾ കൃഷി ഭവന്റെ നേതൃത്വത്തിൽ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## അറിയിപ്പ്

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ കരവാളൂർ പഞ്ചായത്തിലെ നീലാമ്മാൾ, കരവാളൂർ ടൗൺ എന്നീ വാർഡുകളിൽ വരുന്ന പ്രദേശം

പ്രവർത്തന മേഖലയാക്കി ഒരു **ആനന്ദ് മാതൃക ക്ഷീരസംഘം** രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി നവംബർ മാസം 12-ാം തീയ്യതി രാവിലെ 10.30 ന് മാത്ര സർവ്വീസ് സഹകരണ ബാങ്ക് കരവാളൂർ ശാഖയുടെ ഹാളിൽ വെച്ച് ഒരു പ്രാരംഭ രൂപീകരണ യോഗം കൂടുന്നതാണ്. തദ്ദേശവാസികളായ ക്ഷീരോൽപ്പാദകർ ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് അഞ്ചൽ ക്ഷീരവികസന ഓഫീസർ അറിയിക്കുന്നു.

## പരിശീലനം

തിരുവനന്തപുരം ജില്ലയിൽ സമേതി, ആത്മ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗ്രാമീണ മേഖലയിലെ യുവതിയുവാക്കൾക്ക് കാർഷിക അനുബന്ധ വിഷയങ്ങളിൽ ഏഴ് ദിവസത്തെ വിദഗ്ദ്ധ പരിശീലനം നൽകുന്നു. 18 വയസ്സും അതിനു മുകളിലും ഉള്ളവർക്കാണ് പരിശീലനം നൽകുന്നത്. വെള്ളായണി കാർഷിക കോളേജിലും, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്നിലും വച്ചായിരിക്കും പരിശീലനം നൽകുക. താത്പര്യമുള്ളവർ നിർദ്ദിഷ്ഠ ഫോമിൽ അപേക്ഷ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അടുത്തുള്ള കൃഷിഭവനിൽ നിന്നും ലഭിക്കുന്നതാണ്.

## വാക്ക് ഇൻ ഇന്റർവ്യൂ

കൊല്ലം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം കോർപ്പറേഷൻ, ശാസ്താംകോട്ട, പത്തനാപുരം, കൊട്ടാരക്കര, ഇത്തിക്കര, അഞ്ചൽ, ചടയമംഗലം, വെട്ടിക്കവല, ഓച്ചിറ എന്നീ ബ്ലോക്കുകളുടെ പരിധിയിൽ രാത്രികാല വെറ്ററിനറി സർവ്വീസിന് 2018-19 വർഷത്തേയ്ക്ക്

അറ്റന്റന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഈ മാസം 16ന് രാവിലെ 10.30 മണിയ്ക്ക് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്നതാണ്. താൽപര്യമുള്ളവർ കൊല്ലം സിവിൽ സ്റ്റേഷൻ 3 -ാം നിലയിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയം 0474- 2793464 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കർഷകരിൽ നിന്നും രാസവളങ്ങൾക്ക് അമിത വില ഈടാക്കുന്നതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ എല്ലാ ജില്ലകളിലെയും എൻഫോഴ്സ്മെന്റ് സ്ക്വാഡ് വളം ഡിപ്പോകൾ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർ നൽകിയിട്ടുണ്ട്. അമിത വില ഈടാക്കുന്ന വളം ഡിപ്പോകൾക്കെതിരെ Fertilizer Control Order 1985 പ്രകാരവും Essential Commodities Act 1955 പ്രകാരവുമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർ നിർബന്ധമായും POS machine മുഖേന വളം വാങ്ങേണ്ടതും ബില്ല് വാങ്ങി അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP മാത്രം നൽകേണ്ടതുമാണ്. MRP യിൽ കൂടുതൽ തുക ഡിപ്പോകൾ ഈടാക്കിയാൽ കർഷകർ കൃഷി ഭവനിൽ പരാതി നൽകേണ്ടതാണ്.

# തേനീച്ച വളർത്തൽ പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡിന്റെയും ഹോർട്ടികോർപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ തെള്ളിയൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് തേനീച്ച വളർത്തൽ എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ തൊഴിലധിഷ്ഠിത പരിശീലനം നവംബർ 13 മുതൽ 15 വരെ രാവിലെ 10 മണിമുതൽ നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ നവംബർ 12 ന് മുൻപായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ., തടിയൂർ, തിരുവല്ല-689545 എന്ന വിലാസത്തിലോ 9447801351 എന്ന ഫോൺ നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.